# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1934 17.03.2015-ൽ മറുപടിയ്ക്ക്**

**രാഷ്ട്രീയ കൊലപാതകങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ വി. ശിവൻകുട്ടി | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| (എ) ടി. പി. ചന്ദ്രശേഖരൻ കൊലപാതക സംഭവത്തിനുശേഷം സംസ്ഥാനത്ത് എത്ര രാഷ്ട്രീയ കൊലപാതക സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് ; ഏതെല്ലാം രാഷ്ട്രീയ പാർട്ടികളുമായി ബന്ധപ്പെട്ടവരാണ് കൊലചെയ്യപ്പെട്ടത് ; വിശദമാക്കാമോ ; | (എ) ടി. പി. ചന്ദ്രശേഖരൻ വധത്തിനു ശേഷം സംസ്ഥാനത്ത് 16 രാഷ്ട്രീയ കൊലപാതകങ്ങൾ ഉണ്ടായിട്ടുണ്ട്. കൊല ചെയ്യപ്പെട്ടവരുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ടി. പി. ചന്ദ്രശേഖരൻ കൊലപാതകത്തെ തുടർന്ന് അദ്ദേഹത്തിന്റെ വസതി സന്ദർശനം നടത്തിയ കേന്ദ്ര സംസ്ഥാന മന്ത്രിമാർ ആരൊക്കെയായിരുന്നു ; ആഭ്യന്തര മന്ത്രി എത്ര തവണ സന്ദർശനം നടത്തി ; | (ബി) ടി. പി. ചന്ദ്രശേഖരൻ വധത്തെത്തുടർന്ന് കേന്ദ്ര മന്ത്രിമാരായിരുന്ന വയലാർ രവി, മുല്ലപ്പള്ളി രാമചന്ദ്രൻ, കെ. സി. വേണുഗോപാൽ എന്നിവരും മുഖ്യമന്ത്രി ഉമ്മൻചാണ്ടി, മന്ത്രിമാരായ തിരുവഞ്ചൂർ രാധാകൃഷ്ണൻ, പി. കെ. ജയലക്ഷ്മി, പി. കെ. കുഞ്ഞാലിക്കുട്ടി, കെ. പി. മോഹനൻ, എം. കെ. മുനീർ, എ. പി. അനിൽകുമാർ, മഞ്ഞളാംകുഴി അലി, ഷിബു ബേബി ജോൺ എന്നിവരും അദ്ദേഹത്തിന്റെ വസതി സന്ദർശിച്ചിരുന്നു. അന്നത്തെ ആഭ്യന്തര മന്ത്രി ആയിരുന്ന തിരുവഞ്ചൂർ രാധാകൃഷ്ണൻ ടി. പി. ചന്ദ്രശേഖരന്റെ വസതിയിൽ 3 തവണ സന്ദർശനം നടത്തിയിരുന്നു. |
| (സി) ഇതിനുശേഷമുണ്ടായ രാഷ്ട്രീയ കൊലപാതക സംഭവങ്ങളിൽ കൊല ചെയ്യപ്പെട്ടവരുടെ ഓരോരുത്തരുടെയും വസതിയിൽ ഏതെല്ലാം കേന്ദ്ര സംസ്ഥാന മന്ത്രിമാർ എത്ര തവണ വീതം സന്ദർശനം നടത്തുകയുണ്ടായി ; വിശദമാക്കാമോ ? | (സി) ടി. പി. ചന്ദ്രശേഖരന്റെ വധത്തിനുശേഷം നടന്ന 16 രാഷ്ട്രീയ കൊലപാതകങ്ങളിൽ 19.12.2013-നു കോഴിക്കോട് റൂറൽ കുറ്റ്യാടി പോലീസ് സ്റ്റേഷൻ പരിധിയിൽ കൊല ചെയ്യപ്പെട്ട അനൂപ് എന്നയാളുടെ വസതി അന്നത്തെ കേന്ദ്ര മന്ത്രിയായിരുന്ന മുല്ലപ്പള്ളി രാമചന്ദ്രൻ ഒരു തവണയും നാദാപുരം പോലീസ് സ്റ്റേഷൻ പരിധിയിൽ 23.01.2015-നു കൊലചെയ്യപ്പെട്ട ഷിബിൻ എന്നയാളുടെ വസതിയിൽ ബഹു. കേരള മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, മന്ത്രിമാരായ രമേശ് ചെന്നിത്തല, പി. കെ. കുഞ്ഞാലിക്കുട്ടി, കെ. പി. മോഹനൻ, എം. കെ. മുനീർ എന്നിവർ ഓരോ |

തവണയും സന്ദർശനം നടത്തിയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ കതിരൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ 01.09.2014 – ന കൊല ചെയ്യപ്പെട്ട മനോജിന്റെ വീട് ബഹു. കേന്ദ്ര ആഭ്യന്തര മന്ത്രി രാജ് നാഥ് സിംഗ് സന്ദർശിച്ചിട്ടുള്ളതാണ്.

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ. നം | തീയതി | കൊല്ലപ്പെട്ടവർ | കൊല്ലപ്പെട്ടവരുടെ രാഷ്ട്രീയ ബന്ധം | ജില്ല | പ്രതികളുടെ രാഷ്ട്രീയ ബന്ധം |
|---|---|---|---|---|---|
| 1 | 16/09/13 | ബാലകൃഷ്ണൻ | സി. പി. ഐ. (എം) | കാസർഗോഡ് | കോൺഗ്രസ് |
| 2 | 01/10/13 | ഷാജീൻ ഷാഹുൽ | എസ്. എഫ്. ഐ. | തിരുവനന്തപുരം | എബിവിപി/ ആർഎസ്എസ് |
| 3 | 04/11/13 | ഫസിൽ | ഡി.വൈ.എഫ്.ഐ | തൃശ്ശൂർ സിറ്റി | ആർഎസ്എസ്/ ബിജെപി |
| 4 | 05/11/13 | നാരായണൻ നായർ | സിപിഐ (എം) | തിരുവനന്തപുരം | ആർഎസ്എസ്/ ബിജെപി |
| 5 | 20/11/13 | ഹംസ | ഐയുഎംഎൽ (എപി) ഇടത് അനുഭാവി | പാലക്കാട് | ഐയുഎംഎൽ (ഇകെ) |
| 6 | 20/11/13 | നൂറുദ്ദീൻ | | | |
| 7 | 01/12/13 | വിനോദ്കുമാർ | ബി.ജെ.പി/ ആർഎസ്എസ് | കണ്ണൂർ | സി.പി.ഐ.(എം) |
| 8 | 19/12/13 | അനൂപ് | ഹിന്ദു ഐക്യവേദി/ ബിജെപി | കോഴിക്കോട് | സി.പി.ഐ.(എം) |
| 9 | 15/04/14 | ശ്രീരാജ് | സി.പി.ഐ.(എം) | കൊല്ലം | ബി.ജെ.പി/ ആർ എസ് എസ് |
| 10 | 31/05/14 | രാജൻ പിള്ള | ബി.ജെ.പി/ ആർഎസ്എസ് | കൊല്ലം | സി.പി.ഐ.(എം) |
| 11 | 17/08/14 | സുരേഷ് കുമാർ | ബി.ജെ.പി/ ആർഎസ്എസ് | കണ്ണൂർ | സി.പി.ഐ.(എം) |
| 12 | 01/09/14 | മനോജ് | ബി.ജെ.പി/ ആർഎസ്എസ് | കണ്ണൂർ | സി.പി.ഐ.(എം) |
| 13 | 27/10/14 | മുരളീധരൻ | ഡി.വൈ.എഫ്.ഐ | കാസർഗോഡ് | ബി.ജെ.പി/ ആർ എസ് എസ് |
| 14 | 23/01/15 | ഷിബിൻ | ഡി.വൈ.എഫ്.ഐ | കോഴിക്കോട് | ഐയുഎംഎൽ |
| 15 | 26/02/15 | ഒനിയൻ പ്രേമൻ | സി.പി.ഐ.(എം) | കണ്ണൂർ | ആർഎസ്എസ് |
| 16 | 01/03/15 | ഷിഹാബ് | സി.പി.ഐ.(എം) | തൃശ്ശൂർ | ആർഎസ്എസ് |

സെക്ഷൻ ഓഫീസർ